# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 957 — 02/12/2015 -ൽ മറുപടിക്ക്

## തിരുവനന്തപുരം-കാസർഗോഡ് ജലപാത

ചോദ്യം — ഉത്തരം

ശ്രീ. കെ. കെ. നാരായണൻ

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം കാസർഗോഡ് ജലപാത ഗതാഗത യോഗ്യമാക്കുവാൻ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് 2011-12 ലെ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഇതിനായി കഴിഞ്ഞ നാലു ബഡ്ജറ്റുകളിൽ ഓരോന്നിലും എന്ത് തുക നീക്കി വെച്ചിട്ടുണ്ടെന്നും ഇതിനായി ഖജനാവിൽ നിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇതിനായി കഴിഞ്ഞ നാലു വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1) 2012-13 | 9000 | 1943.00 |
| 2) 2013-14 | 11717 | 3079.07 |
| 3) 2014-15 | 12382 | 3478.75 |
| 4) 2015-16 | 13582 | 932.68 |

(up to October)

(സി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

(സി) ദേശീയ ജലപാതയായ കൊല്ലം - കോട്ടപ്പുറം പാതയുടെ ഇരുഭാഗങ്ങളിലുമായി ആകെ 422 കി.മീ. നീളം വരുന്ന കോവളം - കൊല്ലം, കോട്ടപ്പുറം -നീലേശ്വരം എന്നീ ജലപാതകളാണ് സംസ്ഥാന ജലപാതയായി അംഗീകരിച്ചിട്ടുള്ളത്.

### കോവളം-കൊല്ലം

74.18 കി.മീ ദൂരമുള്ള ഈ ജലപാതയിൽ വർക്കല അഞ്ചുതെങ്ങ് ഭാഗത്ത് 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെ 5.28 കോടി രൂപയുടെ 3 പ്രവൃത്തികളും, സംസ്ഥാന ഫണ്ടിൽ 21.69 കോടി രൂപാ ഉൾപ്പെടുത്തി 11 പ്രവൃത്തികളും പല ഭാഗങ്ങളിലായി നടന്നു വരുന്നു. 2.16 കോടി

രൂപയുടെ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. ആയതിൽ കോവളം-ആക്കുളം വരെയുള്ള പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതിക അനുമതിയ്ക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നടയറ മുതൽ ഇരവിപുരം കായൽ വരെയുള്ള 11 കി.മീ.ദൂരം ഗതാഗതയോഗ്യമാണ്. ഇരവിപുരം കായൽ മുതൽ അഷ്ടമുടിക്കായൽ വരെയുള്ള 7.86 കി.മീ ദൂരമുള്ള കൊല്ലംതോടിന്റെ 2 കി.മീ ഭാഗത്തെ ആഴം കൂട്ടൽ പൂർത്തിയായി ട്ടുണ്ട്. 3.50 കി.മീ ഭാഗത്തെ 9.20 കോടി രൂപയുടെ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്ത നങ്ങളും നടന്നുവരുന്നു. ബാക്കി ഭാഗത്തെ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിയ്ക്കായി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു.

## കോട്ടപ്പുറം -നീലേശ്വരം

**കോട്ടപ്പുറം-വടകര:-**

കോട്ടപ്പുറം-വടകര വരെയുള്ള ഭാഗത്ത് 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള 3 പ്രവൃത്തികളിൽ 2 പ്രവൃത്തികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 5.01 കോടി രൂപയുടെ ഒരു പ്രവൃത്തി പൂർത്തിയായി വരുന്നു. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 4.33 കോടി രൂപയുടെ മറ്റൊരു പ്രവൃത്തിയും നടത്തിവരുന്നു. നബാർഡ് RIDF ൽ ഉൾപ്പെടുത്തി ഇ.കെ. കനാലിന്റെ 85% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് RIDFൽ ഉൾപ്പെടുത്തി ബി.കെ. കനാലിൽ 11.875 കോടി രൂപയുടെ 2 പ്രവൃത്തികളും നടന്നുവരുന്നു.

ഈ ഭാഗത്ത് പാത ദേശീയ ജലപാത നിലവാരം കൈവരിക്കുന്നതിനായുള്ള വിശദമായ പഠന റിപ്പോർട്ട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

**വടകര-നീലേശ്വരം:-**

വടകര-നീലേശ്വരം ഭാഗത്തെ 17.61 കി.മീ. നീളമുള്ള വടകര-മാഹി കനാലിൽ വിവിധ

പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 116 കോടി യുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. ഇവ കൂടാതെ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 6 പാലങ്ങളും 50 നടപ്പാലങ്ങളും നിർമ്മിക്കുന്ന തിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

മാഹി-വളപട്ടണം:-

കനാലിന്റെ പ്രാഥമിക പര്യവേക്ഷണം പൂർത്തി യാക്കി അലൈൻമെന്റ് അംഗീകരിക്കുകയും, വിശദമായ പര്യവേക്ഷണ നടപടികൾ ദേശീയ ജലപാത അടിസ്ഥാനത്തിൽ നടന്നു വരികയും ചെയ്യുന്നു.

വളപട്ടണം മുതൽ കൊറ്റി വരെയും, കൊറ്റി മുതൽ നീലേശ്വരം വരെയുമുള്ള 65 കി.മീ ജലപാത സംസ്ഥാന ജലപാത മാനദണ്ഡമനു സരിച്ച് ഗതാഗതയോഗ്യമാണ്.

കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നു വരുന്നു.

വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി 422 കി.മീ നീളം വരുന്ന സംസ്ഥാന ജലപാതയുടെ പല ഭാഗങ്ങളിലായി ഏകദേശം 150 കി.മീ ദൂരം ഗതാഗതയോഗ്യമാണ്. 82 കി.മീ ദൂരത്തോളം പ്രവൃത്തികൾ പുരോഗമിച്ചും വരുന്നു. 190 കി.മീ ഭാഗങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്.

Shamn...

സെക്ഷൻ ഓഫീസർ